## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1320

13 /12/2012 - ൽ
മറുപടിക്ക്

## പാചക വാതക കണക്ഷനുള്ള പുതിയ അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയതായി പാചക വാതക കണക്ഷനുള്ള അപേക്ഷകൾ ഇപ്പോൾ സ്വീകരിക്കാതിരിക്കുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പുതിയ പാചകവാതക കണക്ഷനുള്ള രജിസ്ട്രേഷൻ സ്വീകരിക്കുന്നുണ്ട്. ഒന്നിലധികം കണക്ഷനുകൾ കണ്ടെത്തി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കണക്ഷനുകൾ കൊടുക്കുന്നതാണ് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (ബി) പുതിയ പാചകവാതക കണക്ഷനുള്ള രജിസ്ട്രേഷൻ സ്വീകരിക്കുന്നുണ്ട്. |
| (സി) പാചക വാതകക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഓയിൽ കമ്പനികളുടെ ചില ബോട്ടിലിംങ് പ്ലാന്റുകളുടെ പ്രവർത്തനം തൊഴിൽ പ്രശ്നം മൂലം തടസ്സപ്പെട്ട സാഹചര്യത്തിൽ പാചകവാതക വിതരണത്തിൽ ഉണ്ടായ കാലതാമസം പരിഹരിക്കുവാൻ അവധി ദിവസങ്ങളിലടക്കം പ്ലാന്റ് പ്രവർത്തനക്ഷമമാക്കുമെന്ന് ഓയിൽ കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ പരമായ പ്രശ്നം മൂലം ബോട്ടിലിംങ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ഒഴിവാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ